**"ഭരണഭാഷ - മാതൃഭാഷ"**

**നമ്പർ. എച്ച് (2)/35985/2016/ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 18-11-2016

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും

സർ,

**വിഷയം:** പൊതു വിദ്യാഭ്യാസം - സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതു സംബന്ധിച്ച്.

**സൂചന:** (1) സീനിയർ ഗവൺമെന്റ് പ്ലീഡറുടെ 15-11-2016 ലെ കത്ത് നമ്പർ ഡബ്ല്യു.പി (സി) 27337/2016.

(2) 29-1-2016 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2016/പൊ.വി.വ.

(3) 5-8-2016 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 134/2016/പൊ.വി.വ.

(4) 31-8-2016 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 148/2016/പൊ.വി.വ.

(5) ഈ ഓഫീസിൽ നിന്നുള്ള 1-9-2016 ലെ ഇതേ നമ്പർ കത്ത്.

(6) ഈ ഓഫീസിൽ നിന്നുള്ള 28-9-16 ലെ ഇതേ നമ്പർ പുറത്തെഴുത്ത് കത്ത്.

(7) ഈ ഓഫീസിൽ നിന്നുള്ള 9-11-2016 ലെ ഇതേ നമ്പർ കത്ത്.

ബഹു: ഹൈക്കോടതിയുടെ 28-9-2016 ലെ ഇടക്കാല ഉത്തരവ് പ്രകാരം താൽക്കാലികമായി നിർത്തിവച്ചിരുന്ന സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ ബഹു: കോടതി 14-11-2016 ന് നിർദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസ പ്രവർത്തനങ്ങൾ തുടരുന്നതിൽ തടസ്സങ്ങളില്ലെന്ന് സൂചന ഒന്നിലെ കത്ത് വഴി സീനിയർ ഗവൺമെന്റ് പ്ലീഡർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സൂചന 2 മുതൽ 5 വരെയുള്ള ഉത്തരവുകളിലെയും കത്തിലെയും നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പരമാവധി ഒഴിവുകൾ ജില്ലയിൽ തന്നെ കണ്ടെത്തി, ഇനി പുനർവിന്യസിക്കാനുള്ളവരെ കൂടി പുനർവിന്യസിക്കാനും, ബാക്കിയുള്ളവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണവും, ഒഴിവുകളുടെ എണ്ണവും, അറിയിക്കാനും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി -

- 21-11-2016 ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അടിയന്തര യോഗം വിളിച്ച് ഒഴിവുകളുടെ വിവരങ്ങൾ ശേഖരിക്കുക. (ഹെഡ് ടീച്ചർ വേക്കൻസി പോലും കൃത്യമായി അറിയിക്കാത്ത നിരവധി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇപ്പോഴുമുണ്ടെന്ന വസ്തുത തിരിച്ചറിയുക. ഇത്തരം കൃത്യവിലോപം കാട്ടുന്നവരുടെ പേരുകൾ അച്ചടക്ക നടപടികൾക്കായി ശിപാർശ ചെയ്യേണ്ടതാണ്.)

- നവംബർ 22,23 തീയതികളിലായി ജില്ലയിലെ പുനർവിന്യാസ പ്രവർത്തനങ്ങൾ പൂർത്തിയാക്കുക.

- അവശേഷിക്കുന്നവരുടെ കാറ്റഗറി തിരിച്ച എണ്ണം, സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കാൻ ജില്ലയിൽ 23-11-2016-ന് അവശേഷിക്കുന്ന ഒഴിവുകളുടെ കാറ്റഗറി തിരിച്ച എണ്ണം എന്നീ വിവരങ്ങൾ ഇതോടൊപ്പമുള്ള മാതൃകാഫോറങ്ങളിൽ രേഖപ്പെടുത്തി 23-11-2016 വൈകീട്ട് 5 മണിക്കുമുമ്പ് ഡയറക്ടറേറ്റിൽ dpisecretsection@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ എത്തിക്കുക. ഫോറങ്ങളിലെ കാറ്റഗറി കോളം പൂരിപ്പിച്ചിരിക്കുന്നത് മാതൃകയ്ക്കുവേണ്ടിയാണ്.

അവ ഡിലിറ്റ് ചെയ്തതിനുശേഷം ഓരോ ജില്ലയ്ക്കും ബാധകമായതുമാത്രം ടൈപ്പ് ചെയ്യുക. (സർക്കാർ സ്കൂളിൽ നിന്നു തസ്തിക നഷ്ടമായ ജീവനക്കാരുടെ വിവരം പ്രത്യേകം ഫോറത്തിൽ സമർപ്പിക്കണം.)

ശമ്പളമില്ലാതെ തുടരുന്ന സംരക്ഷിത ജീവനക്കാർക്ക് ശമ്പളം ലഭിക്കണമെങ്കിൽ അവരെ പുനർവിന്യസിച്ചേ മതിയാകൂ എന്ന് സൂചന 2 ലെ ഉത്തരവിൽ നിർദേശമുള്ളതിനാൽ മേൽ വിവരിച്ച സമയക്രമം നിശ്ചയമായും പാലിക്കണം. ഇതിൽ യാതൊരു അനാസ്ഥയും പാടില്ല.

ഫോറങ്ങളിൽ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ അവ പൂർണമായും ശരിയും കൃത്യവുമാണെന്ന് ഉറപ്പുവരുത്തണം. താഴെപ്പറയുന്ന നിർദേശങ്ങൾ കൂടി പ്രത്യേകം ശ്രദ്ധിക്കുക.

- ഒഴിവുകളുടെ കാറ്റഗറി വ്യക്തമായെഴുതണം. ഹെഡ്ടീച്ചർ, ഇംപ്ലിമെന്റിംഗ് ഓഫീസർ തുടങ്ങിയവയിലെ ഒഴിവുകൾ എൽ.പി സ്കൂൾ അസിസ്റ്റന്റ് ആണോ യു.പി സ്കൂൾ അസിസ്റ്റന്റ് ആണോ എന്ന് വേർതിരിച്ചെഴുതണം.(HTV-LPSA/HTV-UPSA/ Impl. Ofr - LPSA/ Impl. Ofr -UPSA എന്നിങ്ങനെ)
- സംരക്ഷിത ജീവനക്കാരുടെ കാറ്റഗറി തിരിച്ച എണ്ണം രേഖപ്പെടുത്താൻ എയ്ഡഡ്, സർക്കാർ സ്കൂളുകൾക്ക് പ്രത്യേകം പ്രത്യേകം ഫോറങ്ങൾ ഉപയോഗിക്കണം. സർക്കാർ സ്കൂളുകളിൽ തസ്തിക നഷ്ടമായ ജീവനക്കാർ ആരുമില്ലെങ്കിൽ ഒരു 'NIL' റിപ്പോർട്ട്' അയക്കണം. സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് ലഭ്യമായ ഒഴിവുകൾ മാത്രമേ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഫോറത്തിൽ രേഖപ്പെടുത്താവൂ. ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ആകെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യുന്നത് എന്ന കാര്യം പ്രത്യേകം ഓർക്കുക. ഈ ഒഴിവുകളിലെ നിർദിഷ്ട ഭാഗം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാനും അടിയന്തര നടപടികൾ സ്വീകരിക്കണം.
- ഈ ഫോറങ്ങളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇനി പുനർവിന്യസിക്കാനുള്ള സംരക്ഷിത ജീവനക്കാരെ സമീപ ജില്ലകളിലെ ഒഴിവുള്ള സ്കൂളുകളിൽ പുനർവിന്യസിക്കാനുള്ള നടപടികൾ ഡയറക്ടറേറ്റിൽ നിന്നു സ്വീകരിക്കുന്നതാണ്.

ഇതിനകം പുനർവിന്യാസ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ നിന്നും സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കാനുള്ള അവശേഷിക്കുന്ന ഒഴിവുകൾ മാതൃകാഫോറത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പി.എസ്.സി ലിസ്റ്റില്ലാത്ത വിഷയങ്ങളിലെ/വിഭാഗങ്ങളിലെ ഒഴിവുകളിൽ താൽക്കാലികമായി സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുമ്പോൾ പി.എസ്.സി വഴി വരുന്ന ഉദ്യോഗാർത്ഥികൾക്ക് ആശങ്കയുണർത്തുന്ന നടപടികൾ ഒന്നും സ്വീകരിക്കുരുതെന്ന് പ്രത്യേകം അറിയിക്കുന്നു. ഈ വിഷയത്തിൽ സൂചന 6-ലെ കത്തിലൂടെ നൽകിയ നിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്**
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ)**

പകർപ്പ് : 1) **എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.**

(എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപജില്ലയിലെ/ജില്ലയിലെ സ്കൂളുകളിൽ നിലവിലുള്ള <u>എല്ലാ ഒഴിവുകളും</u> കാറ്റഗറി തിരിച്ച് വ്യക്തതയോടെ 21-11-2016-ന് തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിൽ

എത്തിക്കേണ്ടതാണ്. ഒഴിവുകളുടെ വിവരം ശേഖരിക്കുന്നതിനായി, ആവശ്യ മെങ്കിൽ, 19-11-2016/21-11-2016 ന് പ്രഥമാദ്ധ്യാപകയോഗം വിളിക്കുക. ഹെഡ് ടീച്ചർ/ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നിവയിലെ ഒഴിവുകൾ അറിയിക്കുമ്പോൾ അവ എൽ.പി.സ്കൂൾ അസിസ്റ്റന്റ്/യു.പി.സ്കൂൾ അസിസ്റ്റന്റ് തിരിച്ചുതന്നെ നൽകണം. ദിനവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ ഉള്ള സ്കൂളുക ളിൽ പ്രസ്തുത ഒഴിവുകൾ ചില പ്രഥമാധ്യാപകർ റിപ്പോർട്ട് ചെയ്യുന്നില്ല എന്ന് നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. ഇത് ഗുരുതരമായ കൃത്യവിലോപമാ ണെന്നും സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടി വരുമെന്നും അവരെ അറിയിക്കണം.

ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കുക- ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യേണ്ടത് ഉപജില്ലയിലെ/ജില്ലയിലെ സ്കൂൾ/കാറ്റഗറി തിരിച്ചുള്ള ആകെ ഒഴിവുകളാണ്. ഇതിൽ സംരക്ഷിത ജീവനക്കാരെ പുനർ വിന്യസിക്കാനുള്ള ഒഴിവുകൾ വിദ്യാഭ്യാസ ഉപഡയറക്ടർ തിട്ടപ്പെടുത്തും.

ഹെഡ്ടീച്ചർ/ഇംപ്ലിമെന്റിംഗ് ഓഫീസർ തുടങ്ങി സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കാനുള്ള ഒഴിവുകളും മറ്റ് ഒഴിവുകളും 21-11-2016 ന് റിപ്പോർട്ട് ചെയ്യാതിരുന്നാൽ ബന്ധപ്പെട്ട ഉപജില്ലാ / ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

ഇതോടൊപ്പമുള്ള ഫോറങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് വിവരങ്ങൾ ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്യാനുള്ളതാണ്. ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ തലത്തിലെ വിവരങ്ങളാണ് റിപ്പോർട്ട് ചെയ്യേണ്ടത് എന്നതിനാൽ ഈ ഫോറങ്ങൾ ഉപയോഗിക്കരുതെന്നും വിവരങ്ങൾ ഡയറക്ടറേറ്റിലേക്ക് നേരിട്ട് അയക്കരുതെന്നും അറിയിക്കുന്നു.)

**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം**
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എ.സി-

## NUMBER OF EXISTING VACANCIES AS ON 23-11-2016 FOR ACCOMODATING THE PROTECTED EMPLOYEES FROM OTHER DISTRICTS

**Name of Revenue District-**

| Sl. No. | Category | Total number of existing vacancies for accommodating the protected employees from other districts |
|---|---|---|
| 1 | High School Asst (PS) | |
| 2 | High School Asst (NS) | |
| 3 | High School Asst (Maths) | |
| 4 | High School Asst (SS) | |
| 5 | High School Asst (Eng) | |
| 6 | High School Asst (Mal) | |
| 7 | High School Asst (Hindi) | |
| 8 | High School Asst (Hindi -PT) | |
| 9 | High School Asst (Sanskrit) | |
| 10 | High School Asst (Skt - P.T) | |
| 11 | High School Asst (Arabic) | |
| 12 | High School Asst (Arabic - P.T) | |
| 13 | High School Asst (Urdu) | |
| 14 | High School Asst (Urdu - P.T) | |
| 15 | High School Asst (Tamil) | |
| 16 | High School Asst (Tamil - P.T) | |
| 17 | High School Asst (Kannada) | |
| 18 | High School Asst (Kannada- P.T) | |
| 19 | U.P.S Assistant | |
| 20 | L.P.S Assistant | |
| 21 | L.G Hindi Teacher | |
| 22 | L.G Hindi Teacher (PT) | |
| 23 | L.G Arabic Teacher | |
| 24 | L.G Arabic Teacher (PT) | |
| 25 | HTV (LPSA) | |
| 26 | HTV (UPSA) | |
| 27 | Impl. Officer (LPSA) | |
| 28 | Impl. Officer (UPSA) | |
| 29 | CRC Co-ordinator | |
| | etc | |

Deputy Director, Education

## NUMBER OF DEPLOYED AND UNDEPLOYED PROTECED EMPLOYEES AS ON 23-11-2016

**Name of Revenue District-** **Aided / Govt**

| Sl. No. | Category | Total Number of Protected Employees | Number of Protected employees deployed till 23-11-2016 | Balance undeployed Protected Employees as on 23-11-16 | Remarks |
|---|---|---|---|---|---|
| 1 | High School Asst (PS) | | | | |
| 2 | High School Asst (NS) | | | | |
| 3 | High School Asst (Maths) | | | | |
| 4 | High School Asst (SS) | | | | |
| 5 | High School Asst (Eng) | | | | |
| 6 | High School Asst (Mal) | | | | |
| 7 | High School Asst (Hindi) | | | | |
| 8 | High School Asst (Hindi -PT) | | | | |
| 9 | High School Asst (Sanskrit) | | | | |
| 10 | High School Asst (Skt - P.T) | | | | |
| 11 | High School Asst (Arabic) | | | | |
| 12 | High School Asst (Arabic - P.T) | | | | |
| 13 | High School Asst (Urdu) | | | | |
| 14 | High School Asst (Urdu - P.T) | | | | |
| 15 | High School Asst (Tamil) | | | | |
| 16 | High School Asst (Tamil - P.T) | | | | |
| 17 | High School Asst (Kannada) | | | | |
| 18 | High School Asst (Kannada- P.T) | | | | |
| 19 | U.P.S Assistant | | | | |
| 20 | L.P.S Assistant | | | | |
| 21 | L.G Hindi Teacher | | | | |
| 22 | L.G Hindi Teacher (PT) | | | | |
| 23 | L.G Arabic Teacher | | | | |
| 24 | L.G Arabic Teacher (PT) | | | | |
| 25 | etc | | | | |
| 26 | etc | | | | |
| 27 | | | | | |
| | **TOTAL** | | | | |

Deputy Director, Education